പ്രൊക്യുവർമെന്റിനെപ്പറ്റിയാണു് ഇനി എനിക്കു പറയുവാനുള്ളതു്. ഇവിടെ കൺട്രോൾ എടുത്തുകളഞ്ഞ കാലം മുതൽ നെല്ലെടുപ്പിനെപ്പറ്റിയും അതിന്റെ വിതരണത്തെപ്പറ്റിയും പരാതി ഉണ്ടായിട്ടുണ്ടു്. കൺട്രോൾ നിലനിന്നിരുന്നതിനേക്കാൾ കാലം ഈ പരാതി തുടർന്നുകൊണ്ടിരിക്കയും ചെയ്യും. പക്ഷെ ഗവൺമെന്റിനു് കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി ഇന്നത്തെ പരാതികൾക്കു ഒട്ടൊക്കെ ശമനം വരുത്തുവാൻ കഴിയും. അതിനുവേണ്ടി പറയത്തക്ക യത്നമൊന്നും ഗവൺമെന്റു് ചെയ്യുന്നില്ല. ഇവിടത്തെ നെല്ലെടുപ്പുതന്നെ നോക്കുക. ആദ്യം ഏക്കറൊന്നിനു ഇത്ര പറ നെല്ലു് എന്നു നിശ്ചയിച്ചു. അതിനുശേഷം സെറ്റിൽമെന്റു് പാട്ടനിരക്കനുസരിച്ചു് എടുത്തുതുടങ്ങി. അതും കഴിഞ്ഞു് എക്സസ് ബേസിസിൽ നെല്ലെടുത്തു. ഇപ്പോൾ ഒന്നുമൊന്നും അല്ലാത്ത ഒരു രീതിയിൽ നെല്ലെടുപ്പു തുടങ്ങിയിരിക്കുകയാണു്. ഓരോ രീതിയും തുടങ്ങുന്ന അവസരത്തിൽ ജനങ്ങൾക്കു ആശ്വാസം ലഭിക്കുമെന്നുള്ള പ്രതീക്ഷക്കു വിരുദ്ധമായി ഓരോ ഘട്ടത്തിലും കൂടുതൽ ക്ലേശങ്ങൾ ജനങ്ങൾക്കു അനുഭവിക്കാനിടയാകുകയാണു് ചെയ്യുന്നതു്. ഇപ്പോഴത്തെ സിസ്റ്റത്തിൽ എക്സസിന്റെ ദോഷം ഉണ്ടെന്നുമാത്രമല്ല, ലവിയുടെ പ്രയോജനമൊന്നും ഉണ്ടാകാതെയുമിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ലവി സിസ്റ്റമനുസരിച്ചു വിളവു തിട്ടപ്പെടുത്തുന്നതു് ഏറ്റവും താഴ്ന്ന നിരക്കനുസരിച്ചായിരിക്കും. ഇപ്പോൾ വിളവു തിട്ടപ്പെടുത്തുന്നതു പ്രവർത്തിയാരോ അല്ലെങ്കിൽ ഫീൽഡാഫീസറോ ആണു്. അവർക്കു തോന്നുന്ന കണക്കാണു അവർ കൂട്ടുന്നതു്. ഒരു താലൂക്കിലും മറ്റൊരു താലൂക്കിലും തമ്മിൽ കൃഷിനടത്തുന്ന രീതി തന്നെ വ്യത്യാസമുണ്ടു്. എന്റെ താലൂക്കിലാണെങ്കിൽ ഒരുപ്പുവുണ്ടു, ഒരുപ്പുമാലിയുണ്ടു്, ഇരുപ്പുകൃഷിചെയ്യുന്ന പുഞ്ചയുണ്ടു്. മുണ്ടകനുണ്ടു് ഇങ്ങനെ ഓരോന്നിനും ഓരോ അടിസ്ഥാനത്തിലാണു് കൃഷിചെയ്യുന്നതു്. ഓരോ കൃഷിക്കുംകിട്ടുന്ന വിളവിന്റെ രീതിയും വ്യത്യസ്തമായിരിക്കും. എന്നാൽ ഒരേ കണക്കനുസരിച്ചാണു് ഇതിന്റെ വിളവുകളെല്ലാം തിട്ടപ്പെടുത്തുന്നതു്. ഇതിനു പരിഹാരമായി എനിക്കു നിർദ്ദേശിക്കാനുള്ളതു് ഓരോ ഇനം കൃഷിക്കുമുള്ള വിളവു തിട്ടപ്പെടുത്തുന്നതിനു മുൻപായി ഓരോ താലൂക്കിലും, താലൂക്കകമ്മറ്റിയോടു് അതേപ്പറ്റി ആലോചിച്ചു് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ തീരുമാനിക്കണമെന്നാണു്. കമ്മിറ്റിയുടെ തീരുമാനം അതേപടി സ്വീകരിക്കണമെന്നു ഞാൻ പറയുന്നില്ല. എങ്കിലും ജനങ്ങളുടെ സാമാന്യമായ അഭിലാഷവും സ്ഥിതിയും എറക്കറെ അതുകൊണ്ടു ഗ്രഹിക്കാൻ കഴിയും.

ശ്രീ. കെ. എം. കോര : നെല്ലെടുപ്പിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ, വിളവു എസ്റ്റിമേറ്റു ചെയ്ത ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേൽ അപ്പീൽ കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ടെന്നറിയാമോ?

ശ്രീ. പൗലോസു പൈലി : വ്യവസ്ഥയുണ്ടു്. എനിക്കു കണക്കുംപ്രകാരം അൻപതു പറ നെല്ലു കൊടുക്കാനുള്ള എന്നു വിചാരിക്കുക. എഴുപത്തഞ്ചു പറനെല്ലു എടുത്തു. അധികം എടുത്ത 25 പറ നെല്ലിനുവേണ്ടി പതിനഞ്ചു ദിവസത്തിനകം ഓടി വന്നു് അപ്പീൽ കൊടുക്കണമെന്നു് ആരാണു് വിചാരിക്കുന്നതു്?

ശ്രീ. കെ. എം. കോര : ഫുഡ് അഡൈവസറി കമ്മിറ്റിയിൽ നിന്നും ഓരോ ഡിവിഷനിലേക്കു ഓരോ കമ്മിറ്റിയെ വച്ചിട്ടുണ്ടു്. ആ കമ്മിറ്റിയുടെ അടുക്കൽ അപ്പീൽ കൊടുക്കാൻ വ്യവസ്ഥയുണ്ടു്.

ശ്രീ. പൗലോസ് പൈലി : പക്ഷെ ഈ ഫുഡ് അഡൈവസറി കമ്മിറ്റിയുടെ മുൻപാകെ ഏതെങ്കിലും അപ്പീൽ വരികയാകട്ടെ, ഇങ്ങനെയുള്ള ഏതെങ്കിലും തീരുമാനം ചെയ്യുകയാകട്ടെ ഉണ്ടായിട്ടില്ല.

ശ്രീ. കെ. എം. കോര : അതിലേക്കു അപേക്ഷകരും ലഭിക്കാതെ കമ്മിറ്റിക്കാർക്കു പ്രവേശിക്കാൻ ഒക്കുകയില്ലല്ലോ.

ശ്രീ. പൗലോസുപൈലി : ഡിപ്പാർട്ടുമെണ്ടിലെ ഒരാളെ നിയമിക്കുന്നതിനു പകരം ഒരു താലൂക്കിലെ ഏതാനും ആളുകളെ ചേർത്തു ഒരു കമ്മിറ്റി രൂപീകരിച്ചു ഈ ജോലി ആ കമ്മിറ്റിയെ ഏല്പിക്കുന്നതുകൊണ്ടു വൈഷമ്യങ്ങൾ കുറയുകയെ ഉള്ളു. പ്രായോഗികമായി നോക്കുന്നപക്ഷം ആ കൂട്ടരിൽ സൗകര്യവുമാണു്. ആകെ സെറ്റിൽമെന്റു് പാട്ടം കണക്കനുസരിച്ചു 8 ലക്ഷം പറ നെല്ലാണു ഗവർമ്മെൻറിനു കിട്ടേണ്ടതു്. ഇതു ലഭിക്കുന്നതിനു് ക്ലിപ്തമായ എന്തെങ്കിലും വ്യവസ്ഥചെയ്യുന്നതു സഹായകമായിരിക്കും. ആ തുകയിൽ പത്തുശതമാനത്തിൽ കവിയാതെയും അഞ്ചു ശതമാനത്തിൽ കുറയാതെയും വരുന്ന തുക എടുക്കത്തക്ക വ്യവസ്ഥചെയ്യുന്നതു് ജനങ്ങൾക്കു കൂടുതൽ സഹായകരമായിരിക്കുമെന്നാണു് എന്റെ വിശ്വാസം.

മൂന്നാമതായി പറയുന്നതു റേഷനിംഗിനെപ്പറ്റിയാണു്. പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചൂണ്ടിക്കാണിച്ചതുപോലെ ഈ ഗവർമ്മെൻറിൽനിന്നും കൊടുത്തിട്ടുള്ള കാർഡുകൾ ആവശ്യമുള്ളതിൽ വളരെയധികമാണു്. മുൻ

LIBRARY ARCHIVES Kerala Legislative Assembly

[Sri Poulose Pylee]

പ് റേഷൻകടനടത്തി ഇടക്കാലത്തു വീട്ടുകളഞ്ഞ ഒരാളിനോടു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞതു്, ഏകദേശം ൨ ൫ ശതമാനം ആളുകൾ അവരുടെ റേഷൻ കടകളിൽനിന്നും വാങ്ങി അതു മാത്രം ഉപയോഗിച്ചു് സ്വന്തം കൃഷിയിൽനിന്നും വരുന്ന ധാന്യം ബ്ലാക്ക്മാർക്കറ്റിൽ വിൽക്കുകയാണു് ചെയ്യുന്നതെന്നു്. ഏകദേശം സ്വയംപര്യാപ്തതയുള്ള താലൂക്കുകളിലെ കടകളിലെ മിക്കവാറും സ്ഥിതി ഇതാണു്. കാർഡുകൊടുക്കുന്നതിനു് ഉത്തരവാദിത്വം വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ കടക്കാരുടെ ആവശ്യത്തിനു കാർഡുകൾ കൊടുക്കുന്നു എന്നല്ലാതെ, റേഷൻ വാങ്ങേണ്ടവരുടെ ഉപയോഗത്തെ നോക്കുന്നില്ല. അതുകൊണ്ടാണു് ബ്ലാക്കുമാർക്കറ്റു് ഇതുപോലെ നടക്കാൻ ഇടയാകുന്നതു്. ഇക്കാര്യത്തിൽ ഗവൺമെൻറു വളരെ ശ്രദ്ധിക്കേണ്ടതാണു്.

നെല്ലു ട്രാൻസ്പോർട്ടു് ചെയ്യുന്നതിനെപ്പറ്റിയും എനിക്കു ഒരു വാക്കു് പറയാനുണ്ടു്. അതിനുള്ള അവകാശം സിവിൽസപ്ലൈസു് ഡയറക്ടർക്കു് കൊടുത്തിരിക്കുകയാണെന്നു് ഒരു ചോദ്യത്തിനുത്തരമായി ഭക്ഷ്യമന്ത്രി പറയുകയുണ്ടായി. ഇതിനകം ഒരിക്കൽ പോലും അങ്ങനെ ഒരു ഭാഗത്തുനിന്നും മറ്റൊരുഭാഗത്തേക്കു നെല്ലു് കടത്തിക്കൊണ്ടു പോകുന്നതിനുള്ള ഉത്തരവു കൊടുത്തിട്ടില്ലെന്നും ഈ സ്വാതന്ത്ര്യം അനുവദിക്കാതിരുന്നതു് ഇപ്പോഴത്തെ സ്റ്റോക്കു പൊസിഷൻ വളരെ മോശമായിരുന്നതു കൊണ്ടായിരുന്നുവെന്നും അദ്ദേഹം തുടർന്നു പറയുകയുണ്ടായി. ഇവിടത്തെ സ്റ്റോക്കു പൊസിഷൻ നന്നാക്കാൻ വേണ്ടിത്തന്നെ നെല്ലു കടത്തിക്കൊണ്ടുപോകുന്നതിനെ അനുവദിക്കേണ്ടതാണു്. കുറവുള്ള സ്ഥലങ്ങളിൽ പോരാതെ വരുന്നതു അധികമുണ്ടെങ്കിൽ അതുത്തോളം ഇട്ട നികുതുവാനുള്ള സൌകര്യവും അതുകൊണ്ടു ലഭിക്കും. അതിനാൽ പ്രൊക്യൂവർമെൻറു കഴിഞ്ഞതിനുശേഷം ഒന്നോ രണ്ടോ മാസത്തേക്കു് വേണമെങ്കിൽ കടത്തിക്കൊണ്ടുപോകുന്നതിനെ തടയുകയും ബാക്കിയുള്ള ഘട്ടങ്ങളിൽ സ്വതന്ത്രമായി സംസ്ഥാനത്തിൻെറ ഏതെങ്കിലും ഭാഗത്തേക്കു കൊണ്ടുപോകുന്നതിനു് പരിപൂർണ്ണമായ സ്വാതന്ത്ര്യം കർഷകർക്കു കൊടുക്കുകയും ചെയ്യണം.

ശ്രീ. കെ. എം. കോര : ഒരു താലൂക്കിലെ സീസൺ കാലം മറ്റൊരു താലൂക്കിലെ സീസൺ കാലമായിരിക്കുകയില്ലല്ലോ. അപ്പോൾ സീസൺകാലം കഴിഞ്ഞു രണ്ടോ മൂന്നോ മാസമെന്നു് നിർണ്ണയിച്ചാൽ വൈഷമ്യമുണ്ടാകുകയില്ലേ?

ശ്രീ പൗലോസു പൈലി: എങ്കിലും ഈ കാലങ്ങൾക്കു് തമ്മിൽ വലിയ വ്യത്യാസമുണ്ടാകുകയില്ല. അഥവാ ഏതാനും മാസം പൊതുവെ നിയന്ത്രണം ഏർപ്പെടുത്തുന്നതിലും വിരോധമില്ല. എന്തായാലും ഇക്കാര്യം സിവിൽസപ്ലൈസു് കമ്മീഷണരുടെ ഡിസ്ക്രീഷനു് വിട്ടു കൊടുക്കാതെ തീരുമാനിക്കേണ്ടതാണു്.

ശ്രീ. കെ. എം. ചാണ്ടി : സർ, ഈ സഭയുടെ മിക്കവാറും അവസാന ദിവസത്തെ സമ്മേളനമായ ഇന്നു ഈ രാജ്യത്തെ പൌരാവലിയുടെഏറ്റവും പ്രധാനമായ ഒരു പ്രശ്നം ചർച്ചചെയ്യുവാൻ ഈ പ്രമേയം കൊണ്ടുവന്നു സന്ദർഭം നൽകിയതിൽ എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ ജോസു് തികച്ചും അഭിനന്ദനാർഹനാണു്. അദ്ദേഹത്തിൻെറ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള മിക്കവാറും എല്ലാ സംഗതികളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹം ഈ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചില ഭാഗങ്ങൾ പിൻവലിച്ചിരിക്കുന്നു എന്ന നിലയിൽ സംസാരിക്കുകയുണ്ടായി. സഭയുടെ മുമ്പിൽ ഇരിക്കുന്ന ഈ പ്രമേയത്തിൻെറ മിക്കവാറും എല്ലാ ഭാഗങ്ങളെപ്പറ്റിയും ചർച്ച ചെയ്യുകയാണു്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഉദ്ദേശം. ഈ രാജ്യത്തെ ഭക്ഷ്യധാന്യ സംഭരണം, വിതരണം എന്നിവയിൽ വന്നിരിക്കുന്ന ക്രമക്കേടുകളെ പരിഹരിച്ച് ഈ രാജ്യത്തെ ജനങ്ങൾക്ക് ക്ഷേമകരമായ ഒരു നില കൈക്കൊള്ളുവാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുന്ന ഒരു പ്രമേയമാണെന്നുള്ള നിലയിൽ ഞാൻ ഈ പ്രമേയത്തെ സ്വാഗതംചെയ്യുന്നു. ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നത്തെപ്പറ്റി നാം ചിന്തിക്കുമ്പോൾ എവിടേയോ എങ്ങിനെയൊ ചില തകരാറുകൾ ഉണ്ടെന്നുള്ള നിസ്സംശയമായ ഒരു വസ്തുത സമ്മതിക്കണം. അതു ഈ കാര്യത്തിൽ അവലംബിച്ചിരിക്കുന്ന ഗവണ്മെന്റ് നയത്തിലുള്ള പോരായ്കയാണു്. ഗവണ്മെന്റാണോ അതിനുള്ള ഉത്തരവാദി എന്നുള്ളതിലേക്ക് നാം കടക്കുകയാണെങ്കിൽ അതിനു വിപുലമായ ഒരു ചർച്ച തന്നെ ആവശ്യമായിട്ടാണിരിക്കുന്നതു്. എന്നാൽ ഇന്നു ഈ രാജ്യത്തു നിലവിലിരിക്കുന്ന ഗവണ്മെന്റിന്റെ ഭക്ഷ്യനയത്തെ സംബന്ധിച്ച് ഈരാജ്യത്തെ ഉൽപ്പാദകരും ഉപഭോക്താക്കളും ഒരുപോലെ അസംതൃപ്തരാണു്. ഉല്പാദകരുടെ വ്യയം ചെയ്യണ്ടാക്കിയ നെല്ലിനു് നല്ല വില കിട്ടുന്നില്ലെന്നു ഉൽപാദകരും അതുപോലെ കുറഞ്ഞ വിലക്കു നെല്ലു വാങ്ങുവാൻ ലഭിക്കുന്നില്ലെന്നു ഉപഭോക്താക്കളും ഒരുപോലെ പരാതിപ്പെടുന്നു. അതു ഒരു വസ്തുതയായി ഇവിടെ നിലകൊള്ളുന്നു. ഫക. ഫമ്പണ. ന്യ പൈക്കു് ശ്രീമാൻ കോരയുടെനാട്ടിൽ നെല്ലു വാങ്ങുമ്പോൾ എന്റെ നാട്ടിൽ അതു് ന്യ—ം, ഉ—ം, ഉറപ്പിക്കാണു് കിട്ടുന്നതു്. ഈ നിലയിൽ ഉൽപ്പാദകനു നീതിയായ തരത്തിൽ പ്രോത്സാഹനം കിട്ടുന്നില്ലെന്നു കൃഷക്കാരുടെ പ്രതിനിധികൾ ഇവിടെ പ്രസംഗിക്കുന്നു എങ്കിൽ അതിൽ ഒട്ടും അത്ഭുതത്തിനു അവകാശമില്ല. ഒരു പറ നെല്ലിനു ഫക. ഫമ്പണ. ന്യ പൈ ആണു് ഇന്നു കൃഷിക്കാർക്കു കൊടുക്കുന്നതെന്നു മിസ്റ്റർ ജോസു് ഇവിടെ പ്രസ്താവിച്ചു. എന്നാൽ നെടുംകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതിലേക്കു നമ്മുടെ നാട്ടിലെ ഗവണ്മെന്റ പത്തുമുപ്പതിനായിരം ഏക്കർ സ്ഥലം നൽകി. നെടുംകൃഷിക്കായി മലകളിലേക്കു പ്രവേശിച്ച നമ്മുടെ കർഷകർ അവിടെ വളരെ അധികം പണം വ്യയംചെയ്തു. എന്നാൽ അതിനു അവക്കു ശരിയായ പ്രതിഫലം കിട്ടുന്നുണ്ടോ എന്നുള്ളതിനെപ്പറ്റി സംസാരിച്ചുകേട്ടില്ല. കുട്ടനാടൻ പ്രദേശത്തിൽനിന്നും മറ്റും കർഷകരുടെ പ്രതിനിധികൾ ഇവിടെയുള്ളതുകൊണ്ടു അവരുടെ കാര്യം പറഞ്ഞു. എന്നാൽ അവരേക്കാൾ വളരെ കഷ്ടപ്പെടുന്ന ഒരുകൂട്ടം ആളുകൾ നമ്മുടെ ഭക്ഷ്യോല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ടു്. ആനയോടും മറ്റു കാട്ടുമൃഗങ്ങളോടും മറ്റും മത്സരിച്ചും വളരെ പണം വ്യയംചെയ്തും ഉണ്ടാക്കുന്ന നെല്ലു്, ആദ്യത്തെ ഒന്നും രണ്ടും കൊല്ലങ്ങളിൽ പറയ്ക്കു മിക്കവാറും ൧൦ വ്വം രൂപാ ചിലവാക്കി ഉണ്ടാക്കുന്ന നെല്ലു്, ഫക. ഫമ്പണ. ന്യ പൈ വിലയ്ക്കു സക്കാർ ഡിപ്പോവുകളിൽ എല്പിക്കുന്ന ദയനീയമായ രംഗങ്ങളും നമ്മുടെ നാട്ടിലുണ്ടു്. ഈ കർഷകൻ എട്ടും പത്തും രൂപാ ചിലവുചെയ്തു ഒരു പറ നെല്ലു് ഉണ്ടാക്കിയാലും പോര അവൻ ഗവണ്മെന്റിൽ നിന്നും കിട്ടുന്നതിലും കൂടുതൽ സംഖ്യ വ്യയംചെയ്തു് സക്കാർ ഡിപ്പോകളിൽ ചുമപ്പിച്ചുകൊണ്ടുപോയി എല്പിക്കുകയുംവേണം. അങ്ങിനെ ഒരു നിർഭാഗ്യവും കൂടി അവനുണ്ടു്. ഈ നിലവെച്ചു നോക്കുമ്പോൾ കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവക്കു തികച്ചും നിരാശാവഹമായ പ്രോത്സാഹനമാണു് ഗവണ്മെന്റ നൽകിക്കൊണ്ടിരിക്കുന്നതു് എന്നുള്ള ഒരു വസ്തുതയാണു് സ്പഷ്ടമാകുന്നതു്. അതേ സമയം അതിന്റെ മറുവശം ഒന്നു എടുത്തുനോക്കാം. ന്യ രൂപായ്ക്കും ൧ രൂപാ ഇടയ്ക്കു എവിടെയോ എങ്ങോ എന്തോ തകരാറുകൾ പറഞ്ഞിരിക്കുന്നു എന്നു. ഒരു പറ നെല്ലു് വാങ്ങുക, ഇടങ്ങഴി അരിക്കു ഒന്നും രണ്ടും രൂപാ കൊടുത്തു വാങ്ങുക എന്ന നിലയാണു് മറുവശത്തു നിൽക്കുന്നതു്. അപ്പോൾ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. M. Chandy]

വേണം വിചാരിക്കുവാൻ. ഈ തകരാറുകൾ പരിഹരിക്കത്തക്ക നിലയിൽ ഇന്നത്തെ ഭക്ഷ്യനയത്തിൽ ഒരു വ്യതിയാനം വരുത്തുവാൻ ഇന്നത്തെ ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ നമ്മുടെ ഗവൺമെൻറ് തയാറാകുമോ എന്ന ചോദ്യമാണ് നമ്മുടെ മുമ്പിൽ ഇരിക്കുന്നത്. ഉല്പാദകന്റെ നിലയിൽ ഉല്പാദകന്റെ വൈഷമ്യങ്ങളും ഉപഭോക്താവിന്റെ നിലയിൽ ഉപഭോക്താവിന്റെ വൈഷമ്യങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ള അദ്ദേഹം ഇതിനു ഒരു പരിഹാരം കണ്ടുപിടിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. നമുക്കു പ്രധാനമായി പറഞ്ഞിരിക്കുന്ന അബദ്ധം നാട്ടിലെ പരിതസ്ഥിതികൾക്കു ചേരാത്ത വിധത്തിൽ, നാട്ടിലെ പരിതസ്ഥിതികൾ അവഗണിച്ചുകൊണ്ടു ഭക്ഷ്യനിയന്ത്രണത്തെ സംബന്ധിച്ചുള്ള നിയമം ഉണ്ടാക്കി എന്നുള്ളതാണ്. ഒരുവശത്തു് നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവർ ഇവിടത്തെ നിയമങ്ങളിൽനിന്നു എങ്ങിനെയെല്ലാം വഴുതി എങ്ങിനെയെല്ലാം അതു ലംഘിക്കാം എന്നു നോക്കുകയാണു ചെയ്യുന്നതു്. ഏതു നിയമത്തിൽനിന്നും വഴുതി അതു ലംഘിച്ചു് ഏതെങ്കിലും വിധത്തിൽ ആദായമുണ്ടാക്കണമെന്നുള്ള ഉദ്യോഗസ്ഥന്മാരാണ് മറുവശത്തു്. ഈ രണ്ടുകൂട്ടരും ഏതു നിയമം ഉണ്ടാക്കിയാലും, വിതരണത്തെ സംബന്ധിച്ചും പ്രൊക്യൂർമെൻറിനെ സംബന്ധിച്ചും ഏതു നിയമമുണ്ടാക്കിയാലും നമ്മുടെ നാട്ടിലെ ജനങ്ങളും ഉദ്യോഗസ്ഥന്മാരും സഹകരിച്ചു് അതിൽനിന്നെല്ലാം വഴുതുവാനും കുഴപ്പത്തിന്റെ മേൽ കുഴപ്പമുണ്ടാക്കുവാനും ഒരുങ്ങുന്നു. ഈ രാജ്യത്തെ കർഷകനു ശരിയായ വില കിട്ടത്തക്കവണ്ണം, ഈ രാജ്യത്തെ ഉപഭോക്താവിനു് എതുയും വില കുറഞ്ഞ രൂപത്തിൽ ഭക്ഷ്യസാധനങ്ങൾ കിട്ടത്തക്കവണ്ണം, അതിന്റെ വില നിയന്ത്രിക്കുവാനുള്ള ഒരു ഏർപ്പാടു് ഗവൺമെൻറ് ചെയ്യണം എന്നാണ് എനിക്കു് ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. എൻ. വി. ചാക്കൊ പറഞ്ഞതു് ഈ രാജ്യത്തുനിന്നു ബ്ലാക്കുമാർക്കറ്റ് ഉച്ചാടനംചെയ്യുവാൻ സാധിക്കുമെന്നു തോന്നുന്നില്ല എന്നാണ്. ഈ രാജ്യത്തെ കർഷകനു് ബ്ലാക്കുമാർക്കറ്റിൽ കുറച്ചു നെല്ലെങ്കിലും വിറ്റു വിലയെടുക്കാൻ സാധിക്കും. എത്ര നിഷ്കർഷയോടുകൂടി ഗവൺമെൻറ് നെല്ലു എടുത്താലും ശരി കർഷകൻ കുറെ നെല്ലെങ്കിലും അവന്റെ നോട്ടത്തിൽ വച്ചുകൊണ്ടിരിക്കും. ആ നെല്ലു് വൊറ്റമാർക്കറ്റിൽ വിൽക്കുവാൻ അവനു സാധിക്കുകയില്ല. അതുകൊണ്ടു് ബ്ലാക്കുമാർക്കറ്റിൽ അവൻ അതു് വില്ക്കുകതന്നെ ചെയ്യും. ഗവൺമെൻറിനു് ഒന്നുചെയ്യുവാൻ സാധിക്കും. അതായതു് ഈവിധത്തിലുള്ള നെല്ലു് കൈക്കൂലി മുതലായ അനാവശ്യവ്യയങ്ങൾ കൂടാതെ ശ്രീമാൻ കോരയുടെ നാട്ടിൽനിന്നു് എന്റെ നാട്ടിൽ വരുവാൻ അനുവദിച്ചാൽ, അതു് എന്റെ നാട്ടിൽ വരുമ്പോൾ ഇന്നു് ഒരുപറ നെല്ലിനു് എഴു രൂപാ വിലയുള്ളതു് ഒന്നോ രണ്ടോ രൂപ ആകുവാൻ സാധിക്കും. അതുകൊണ്ടു് കാൺഗ്രസ്സു് പാർട്ടി ഇന്നു അംഗീകരിച്ചിട്ടുള്ള ലെവി സിസ്റ്റം അനുസരിച്ചുള്ള നെല്ലു് ഗവൺമെൻറ് എടുത്തുകൊണ്ടു് ബാക്കിയുള്ള നെല്ലു് ശ്രീ. ജോസിന്റെ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുപോലെ രാജ്യത്തിന്റെ ഏതുഭാഗങ്ങളിലും കൊണ്ടുപോയി വിൽക്കുന്നതിനുള്ള അനുവാദം കർഷകനു കൊടുക്കണം. ശ്രീമാൻ കോര ശ്രീമാൻ പൌലോസിനോടു ചോദിച്ചു, ഓരോ താലൂക്കിലും കുക്കിയ്ക്കു പ്രത്യേകം പ്രത്യേകം സീസൺ ഇല്ലേ എന്നു്. പ്രൊക്യൂർമെൻറിനു് ഗവൺമെൻറ് സീസൺ ഒന്നും നോക്കേണ്ട. ഗവൺമെൻറ് സംഭരണം നടത്തിയിട്ടു് ബാക്കി കർഷകന്റെ പക്കൽ ഉണ്ടെങ്കിൽ അതിനെ ഉദ്യോഗസ്ഥന്മാരുടെ കൊള്ളയ്ക്കു ഇടമില്ലാതാക്കി രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ നാനാഭാഗങ്ങളിലും കൊണ്ടുപോയി വിൽക്കുവാനും വാങ്ങുവാനും ഉള്ള സൗകര്യം ചെയ്തുകൊടുക്കുകയാണെങ്കിൽ ഇന്നുള്ള ബുദ്ധിമുട്ടുകൾക്കറുതിലെ വില കിഴ്പോട്ട വരുവാൻകഴിയും. അല്ലെങ്കിൽ നിയമം ലംഘിക്കുവാൻ കർഷകനും ഉപഭോക്താവിനും പ്രോത്സാഹനം നൽകുന്നതും അതിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഭാരം വർദ്ധിക്കുന്നതുമാണ്. അതിനു ഇടയാക്കരുതെന്നു ഉൽബോധിപ്പിച്ചുകൊണ്ടു, ബഹുമാനപ്പെട്ട ഈ ഡിപ്പാർട്ട്മെന്റ മന്ത്രി കൂടുതൽ ശ്രദ്ധാന്തിയോടുകൂടി ഈ കാര്യത്തിൽ അദ്ദേഹത്തിനുള്ള പരിജ്ഞാനവും പ്രവർത്തനപരിചയവും വിനിയോഗിക്കണമെന്നു അദ്ദേഹത്തോടു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: I do not wish to shut out opinions of hon. Members of the House. But I would like to know from the Minister whether he would speak on this resolution at this stage.

Sri. K. M. Koreh: I would like to hear the observations of some more hon. Members on this question.

Mr. P. S. Nataraja Pillai: Sir, I would like to invite the attention of the House to another aspect of the matter. This country has been under-nourished for the last 8 years and more. This is the only State in India where complete rationing is in force. There is no other part in India which stands in the category of complete statutory rationing for its whole population. These facts have not been sufficiently well understood not only by our Government but also by the Union Government. For the last 8 years and more we are living under a ration ranging from 8 to 4½ ounces per adult. Sir, according to population basis if Government are to ration at the rate of 8 ounces per adult, if I am not mistaken, Government will require somewhere like 5·83 lakhs tons of food grains. Actually the food grains now given by the Union Government to meet rationing liability of this Government comes to somewhere near 3·26 lakhs tons of which rice forms 2·75 lakhs tons. So the Travancore Government was forced by these inadequate supplies to continue rations even at reduced rates from 6 to 4½ ounces of rice in the ration content. On the other side of the Ghats, the Union Government has found it possible to supply that quantity of rice which will enable that Government to have 6 ounce ration in rice content. That is a deficit State to the tune of 10 per cent of its requirements, whereas our State with a higher density of population and no spare land for cultivation has a deficit to the tune of 40 per cent of our requirements. Along with that, in Madras State there is no State-wide rationing. It is only regional rationing that is in force. In spite of that, the Union Government is prepared to rush rice to that State for maintaining a ration of 6 ounces per adult in rice content. On the other hand, here the population is on starvation allowance for the last 8 years and more and were getting ration of 8 ounces to 6 ounces and now 4½ ounces of rice. This

4 p.m. is the pathetic condition in which we are placed. I ask, has our Government realised what the effect would be on the public health of this country? Has the Government of India realised the genuine feeling which the people of this country has on that matter? How long can we get on like this? When the State undertakes the responsibility of rationing, it means that they have to get hold of enough stocks to honour the ration cards they issue. That means that they have to procure whatever quantity available within the country and to import the necessary quantity from outside. In the matter of trade, especially overseas trade, this country is helpless. On the other hand, in other parts of India where there is enough surplus over and above a ration of 16 ozs. they do not permit the surplus to be exported freely. Recently, day before yesterday, if my memory serves me aright, there was a debate in the Indian Parliament, on the question of rice supply from Punjab to Madras. The Punjab Government had not

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai.]

supplied the excess rice in time. Sir, when we are under one Union Government and we all owe allegiance to that Government, it is the duty of that Government to maintain equal ration in all parts of the country. If that responsibility is not squarely shouldered by the Central Government, then perforce this Government will have to think of devising methods of action for themselves. How to tackle the problem is a question on which the representatives of the people must concentrate their attention and the Government also must seriously think of it. Can they undertake a state-wide rationing, I ask, with the scanty supply they get at present? Or will they devise other means by which the people will be able to meet their requirements by other resources? Should regional rationing be adopted? These are matters which shoud seriously engage the attention of the Government and the representatives of the people of the country.

Then there is the other very important problem of the price level. We hear nowadays so much about price levels. The price level must have a certain relation with the cost of production. At the present time on account of the economic position in India, there is a feeling that the cost of living should not increase. It is right from the point of view of the inflationary tendencies in the country. But cost of living will have to be correlated to the cost of production and therefore to the selling price of commodities. You cannot ask a producer to produce a thing for Rs. 2 and sell it for Re. 1. That is not economics. That is not feasible, and as long that system is tried to be enforced, that is bound to fail. That was what the Father of the Nation had in mind, when he said controls must go. Controls at any stage will have a demoralising effect. Control without any relation to the cost of production is bound to be violated as long as human instincts are what they are. Then blackmarketing sets in and the Government and the people are caught in the meshes of its undesirable consequences. So, Sir, there must be a relation between cost of production and the price level of the commodity. Has the Government understood the reality of this situation? Has the Central Government realised this? Has the Central Government taken the trouble of preparing statistics of the co ts of production on a regional basis? Time and again we are faced with the orders of the Central Government fixing the rates of prices of commodities. At the same time they thrust on us food materials bought at exorbitant prices. I think that the food transactions of this year have resulted in a loss of Rs. 5½ crores to this Government. The Food Minister was saying that the subsidy would come to Rs. 2·28 crores. This State will have to face a loss of Rs. 2·25 crores this year. How is this loss to be met? We buy rice at a high price and sell at a low price. And at the same time, the Central Government stands in the way of our paying a higher rate to our domestic producers.

The procurement in the State has never exceeded 80,000 tons of rice. Now we are sustaining a loss of Rs. 182 per ton in selling imported rice at the present rate. Suppose we fix the procurement price of local rice at the rate at which we import rice, we will sustain a loss of Rs. 182 per ton on the 80,000 we procure here. In other words, the producers here are sustaining a loss of 1·45 crores by selling their produce at the present rate to Government. That is what it amounts to. Has the Government considered what it means to the people? (*Speaker's Bell*) Then I want only to refer the inefficient rationing methods and the harassment caused by procurement. Inefficient rationing is one of the calamities that has fallen on us. A ration card is issued to each family and it is proclaimed that statewide rationing is statutorily enforced. But what is the real position? The ration cards have become mere token cards. The quantity noted in them are seldom given in

LIBRARY ARCHIVES Kerala Legislative Assembly

full. There has not been sufficient checking. I would seriously advise the Ministers to check the ration cards.

My friends on the Treasury Benches are in the habit of roaming over the whole country. So they have ample opportunities of coming into contact with the people. I would earnestly and humbly plead to them that if they meet any person they should ask him to bring his ration card and examine whether he has been getting his ration regularly and in full. Why I say this is, the people in the country-parts do not get the full allotment that is allowed each week by the Government. When 10 units are issued, the ration merchant gives out just 8, 6 or even 4 units and says he has received only a percentage of the allotment. Therefore, the real difficulty is that even this inadequate ration is not given to the people in full. Therefore, checking is necessary. Otherwise, it would be very hard for the people. (*Speaker's Bell*) I stop, Sir.

Sri. K. Sivarama Pillai: I wish to say a few words on the distribution and procurement of rice. How do the people take to it? That is the real test. For the last so many years we have had procurement and distribution. Our State can be broadly divided into agriculturists owning lands and non-agriculturists who depend entirely on ration. So far as the agriculturists are concerned, they always seem to think, and to a certain extent they are correct, that procurement is only a legalised, organised form of plunder by the Government. They are not paid the cost of their labour. Virtually they are fleeced by the Government. That is the attitude of the agriculturists.

So far as the non-agriculturists are concerned, wherever we go, whenever we ask a man about the ration, he would speak only of the blackmarket price and not the price at which Government sells. Ask a labourer and he says, one para of paddy is being sold at Rs. 4, so I must have a higher wage. So the blackmarket price has become the standard rate on which the price of other commodities and services are measured. Therefore, why should this Government expend so much money on food when the agriculturists and the non-agriculturists are both unsatisfied. I would, therefore, advocate complete derationing and making no procurement from excess taluks. At once my friends would turn round and say that the agriculturists would then simply hoard all the rice that they have in order to profiteer out of it. To such a notion, I have only to say that it arises out of ignorance. One example I will give. So far as my taluk is concerned, for the last crop at the procurement season, the manure subsidy of 4 annas was delayed. When the complaint came to me, I persuaded the people not to measure out paddy to the Government as a means of making the Government realise the position. But in spite of that more than 70 per cent of the villages measured out their quotas, because they are poor people and if they want to carry on agricultural operations in the next season they have to sell their stock now. And so far as the big jenmies are concerned, take it from me, that if paddy is stored for more than six months, it will be spoiled and the jenmies will not also keep their paddy with them, but will sell to Government if not today, tomorrow certainly.

Sir, we talk of party ideals and principles and we are afraid of facing realities. My friend Mr. Jose though he moved originally that free sale ought to be prohibited, at the time the resolution was moved he was rather hesitant to tell that. I would just ask him to come to the Karamana Bridge side and see what is going on there. He can see there women workers selling paddy in the city of Trivandrum. Had it not been so, Trivandrum would have been starved to death. It is known to the Government and the public. It is known to the Socialist Party who advocates the cause of the workers. It is done by the working class women. They get the paddy from the suburbs, husk them and bring them from some 10-15 miles outside the City and sell them to the public and they get money back. And they take out

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

livelihood from that. It is the working class people that are benefited by this and not the agriculturist. They get at the most 8 annas per para from this. But if the Government think that they cannot stop procurement at once I would give a suggestion that so far as the agriculturist is concerned a portion, say 50 per cent of the produce, may be procured at a reasonable price. The remaining 50 per cent, *i.e.*, the balance left, may be left to the agriculturist and treated as a luxury article. Those rubber kings, pepper kings and other people who could afford to pay a luxury price—let them purchase their requirements from the poor agriculturists. The quantity procured as above and the quantity that this Government is able to get from outside may be reserved for rationing and let the working class people, the poor people, be rationed out of this stock. Let them be given a reasonably fair ration, a complete ration and of course those Government servants who have no other means of income—let them also be given full ration out of this. Let the people who are richer and who are more fortunate get their requirements as articles of luxury. Why should this Government purchase at the rate of Re. 1·13 from the poor agriculturist and why the poor pay at the rate of Rs. 2 to 4? Let them get their requirements at any reasonable price which the agriculturist is willing to give.

Sir, it has been said that throughout India there is rationing. In the Food Minister's Conference the Prime Minister of the Central Provinces was saying that there is no blackmarketing so far as his Province was concerned because 25 per cent of the produce can be sold and there is no strict procurement. As you say, in U. P. we have to pay Rs. 5/8/- per para, so much so that there is no point in putting our poor agriculturists alone to the difficulty of getting very low price for their produce. Mr. Nataraja Pillai was saying that we have procured only 80 lakhs of paras from our State this year. Divide it equally between all the lands. There are some 8—10 lakhs of acres of paddy lands so far as our State is concerned. Divide these among all the landholders at the rate of 10 paras per acre. Let us make it absolutely compulsory to give 10 paras per acre at any reasonable price. If anybody gives more, give it a price equivalent to the price which the Government are paying for the stock obtained from the Government of India. Why should you grudge doing this? If anybody is able to procure more, give him a price which is at least lesser than the price that you give to the Government of India.

Sri. K. M. Korah: It is 80,000 tons of rice; not 80 lakhs of paras of paddy.

Sri. K. Sivarama Pillai: Whatever be the figure, divide it equally between all and make it compulsory that each man must give his quota. If anybody gives any quota over and above what he is bound to give, give him double the price. Even then it will be lesser than the cost we are paying now to the Government of India.

Then as regards procurement also I have to make one suggestion. The department offers temptation to the officers that are engaged in the actual procurement, the G. P. Tahsildars downwards. At least so far as this department is concerned I would say that it is always better that we appoint youngsters in the department—not people who are just on the verge of retirement so that they could amass something by the time they get out of the department. On the other hand, if fresh people who have got a bright future and who aspire for some future prospects are appointed they will at least fear that their career will be put an end to if they do not properly behave or if they are corrupt. We should not allow anybody over 50 to be engaged in the department. If such a person is appointed for the procurement duty, wherever he goes, he will be interested only in enriching his pocket rather than proper procurement.

Regarding food production also, one minor thing that I want to bring to the notice of the Government is, we have elaborate schemes and I think from the

LIBRARY ARCHIVES Kerala Legislative Assembly

discussion in this House, session after session, the Government would even be sick of our schemes and other things. But certain primary things which the Government could do easily are overlooked or forgotten. Take for example the question of the Kanni crop in South Travancore last time. The Kodayar Project irrigates 6 lakhs of acres and sufficient water for this area is given by this project. In the tail end, we get long term paddy cultivated whereas in other areas short term crop is cultivated. Recently there arose so far as one half of the year is concerned especially in the Tovala area, the harvesting was over 2 months back. But so far as Agastiswaram is concerned the harvesting was still to take place. Difficulty for the P.W.D. arose, when there was no rain, that there was not sufficient water—whether to save the crop of Agastiswaram or to give water for Tovala became the problem. If only the Agricultural Department were vigilant, they could have insisted that only short-term crops were cultivated at the tail end of the project. Instead, the agriculturists raised long-term crops there and the department was not aware of it or did not take notice of it and of its consequences. Fortunately for us rains came and intervened and the position was thus saved. Otherwise a large volume of crop would have been somehow lost. The position was either Agastiswaram is lost if water is not given to it or Kumbham crop will be lost otherwise.

I, therefore, submit that Government should have control over these and necessary steps for rectification should be taken in time.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സർ, ശ്രീമാൻ എൻ. ഡി. ജോസിന്റെ ഈ പ്രമേയത്തോട് യോജിക്കുവാൻ എനിക്ക വളരെ സന്തോഷമുണ്ട്. ഈ പ്രമേയത്തിൽ നാലു കാര്യങ്ങളാണ് പ്രധാനമായി അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളത്. ഒന്ന്, കർഷക്ക് കൂടുതൽ പ്രോൽസാഹനം നൽകുക; രണ്ട്, ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിലുള്ള ന്യൂനതകളും അനീതികളും കുറയ്ക്കുക; മൂന്ന്, ഗവണ്മെന്റിലേക്ക കൊടുത്ത നെല്ല കഴിച്ച് ബാക്കിയുള്ള നെല്ല് സ്വതന്ത്രമായി രാജ്യത്തെവിടെയും വിൽക്കാനും കൊണ്ടുനടക്കാനും അനുവദിക്കുക; നാല്, റേഷനിംഗിലുള്ള ക്രമക്കേടുകളും അനീതികളും അവസാനിപ്പിക്കുക. ഇതിൽ മൂന്നാമത്തെ കാര്യം അദ്ദേഹംതന്നെ ഉപേക്ഷിക്കയാണുണ്ടായത്. ഇതിൽ കർഷകക്ക് പ്രോത്സാഹനം നൽകുക എന്നു പറയുമ്പോൾ പല സംഗതികളെപ്പറ്റിയും പറയേണ്ടിവരുന്നു. എന്നാൽ പഴലോസ് ചൂണ്ടിക്കാണിച്ച രണ്ടുമൂന്നു സംഗതികളെപ്പറ്റി മാത്രം രണ്ടു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു. നെടുംകൃഷിയുടെ ആവശ്യത്തിനായി ഗവണ്മെന്റിൽനിന്നും വളരെ വനഭൂമികളും വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ട്. ഇങ്ങിനെ വിട്ടുകൊടുത്തിട്ടുള്ളത് കുത്തകപ്പാട്ടവ്യവസ്ഥയിലാണ്. ഈ വ്യവസ്ഥയിൽ വനഭൂമികളും കൃഷിക്ക വിട്ടുകൊടുത്തിട്ടുള്ളതുകൊണ്ട് കൃഷിക്കാർക്ക ആ ഭൂമിയിൽ സ്ഥിരാവകാശമില്ലാത്തതിനാൽ ആ ഭൂമി നന്നാക്കണമെന്നും അവർക്ക താല്പര്യം ഉണ്ടാകുന്നില്ല. അതിന്റെ ഫലമായി വലുതായ ദോഷങ്ങളും സംഭവിക്കുന്നുണ്ട്. അതിനുപകാരമായി, നെൽകൃഷിക്കുപയോഗിക്കാവുന്ന സ്ഥലങ്ങളും സ്ഥിരാവകാശമായി ലേലംചെയ്തു കൊടുക്കുകയോ അല്ലെങ്കിൽ ഗവണ്മെന്റിലേക്ക വലുതായ ഒരു സംഖ്യ മൂലധനമായി കിട്ടുകയും അതേസമയംതന്നെ ആ വനഭൂമികളും മണ്ണൊലിച്ചുംമറ്റും നശിച്ചുപോകാതിരിക്കത്തക്കവണ്ണം കൃഷിക്ക സൗകര്യപ്പെടുത്തി കർഷകർ കൃഷി നടത്തുകയും ചെയ്യും. അങ്ങനെ അല്ലാതെ, അതായത് അവക്ക ആ ഭൂമിയിൽ സ്ഥിരാവകാശം ഇല്ലാതെ പതിച്ചുകൊടുക്കുന്നതുകൊണ്ട് അവർക്ക ആ ഭൂമി നന്നാക്കണമെന്ന താല്പര്യമുണ്ടാകുന്നില്ല. അതുതന്നെയുമല്ലാ, ഇങ്ങനെ ഭൂമി ലേലംചെയ്തുകൊടുക്കുന്നതുകൊണ്ട് ഗവണ്മെന്റിനു സിദ്ധിക്കാവുന്ന തുക നഷ്ടപ്പെടുകയുംചെയ്യും. ഇങ്ങനെ സ്ഥിരാവകാശമായി ഭൂമി ലേലംചെയ്തുകൊടുക്കുന്നതുകൊണ്ട് കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Sri. Cherian J. Kappan]

വമ്പിച്ച തുകകൊണ്ട് കൂടുതൽ ആശുപത്രികളും ഉണ്ടാക്കുകയും രാജ്യത്തു ധാരാളം റോഡുകളും കല്വുകളും നിർമ്മിക്കുകയും ചെയ്യാമായിരുന്നു. ഇനിയെങ്കിലും ഗവർമ്മെൻറ് ഇതിനെപ്പറ്റി കൂടുതലായി ആലോചിക്കണമെന്നു് എനിക്കു അപേക്ഷയുണ്ടു്. അതുപോലെതന്നെ ശ്രീമാൻ നടരാജപിള്ള ചൂണ്ടിക്കാണിച്ച സംഗതികളും വളരെ ഗൗരവമേറിയവയാണു്, ഭക്ഷ്യസംഭരണത്തെപ്പറ്റി പറയുമ്പോൾ ഇതു് പ്രധാനമായി കണക്കാക്കേണ്ട ഒന്നാണു്. ഇവിടെ ഇപ്പോൾ സംഭരിക്കുന്നതു് എൺപത്തിമൂവായിരം ടൺ ഭക്ഷ്യസാധനങ്ങളാണു്. എന്നാൽ നമുക്കു ആവശ്യമുള്ളതു് അഞ്ചരലക്ഷം ടൺ ആണു്. അങ്ങനെ നമുക്കാവശ്യമുള്ളതിന്റെ എത്രയോ ഒരു ചെറിയ അംശമാണു് നാം സംഭരിക്കുന്നതു്. ഏതെങ്കിലും കാരണവശാൽ പുറത്തുനിന്നും നമുക്കു അരി ലഭിക്കാതെ വന്നാൽ ഈ രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നു് ഗവർമ്മെൻറ് ഗാഢമായി ചിന്തിക്കണം. അങ്ങനെ ഒരു പരിതസ്ഥിതി സംജാതമായാൽ ഗവർമ്മെൻറ് അതിനെ എങ്ങിനെ നേരിടുമെന്നു് ഒന്നു ആലോചിക്കേണ്ടതാണു്. അപ്രകാരം ആലോചിച്ചു് അതിനുള്ള പ്രതിവിധികളും കണ്ടുപിടിക്കുകയുംവേണം. അല്ലാത്തപക്ഷം തീർച്ചയായും ഒരു ലോകമഹായുദ്ധമോ മറ്റു പരിതസ്ഥിതികളോ ഉണ്ടാകുന്നപക്ഷം ഈ രാജ്യം ഒരു വലുതായ വിപൽസന്ധിയിൽ എത്തിച്ചേരും. ഇതിന്റെ സാമ്പത്തികവശത്തെപ്പറ്റിയും അദ്ദേഹം പറഞ്ഞു. അതിനാൽ ഞാൻ അതിനെക്കുറിച്ചു് കൂടുതലായി ഒന്നും പറയുന്നില്ല. ഈ ഗവർമ്മെൻറ് ഇപ്പോൾ ഭക്ഷ്യധാന്യവിതരണം സംബന്ധിച്ചു വലുതായ ഒരു നഷ്ടം സഹിച്ചുകൊണ്ടിരിക്കുകയാണു്. ഈവക സംഗതികളെപ്പറ്റി അവഗാഢം ചിന്തിച്ചു് ഈ സംസ്ഥാനത്തിലെ ൯൫ ലക്ഷം ജനങ്ങൾക്കും റേഷൻ കൊടുക്കണമെന്നുണ്ടെങ്കിൽ ഗവർമ്മെൻറ് ഏറെറടുത്തിരിക്കുന്ന ചുമതല ഉത്തരവാദിത്വത്തോടുകൂടി ഏറെറടുക്കണം. അതിനുള്ള ഒരു പദ്ധതി എന്റെ എളിയ അഭിപ്രായത്തിൽ തോന്നുന്നതു് ഞാൻ പറയാം.

മിസ്റ്റർ സ്പീക്കർ: ഈ സഭയുടെ ഇപ്പോഴത്തെ സമ്മേളനം ഒരു അനിശ്ചിത കാലത്തേക്കു് മാറ്റിവെച്ചിരിക്കുന്നു.

The Assembly adjourned sine die at 4-30 p.m.

V. KRISHNAMOORTHI,

Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly